LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാർ അണക്കെട്ട്

15(*166) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. എൻ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ട് ഭൂകമ്പ സാദ്ധ്യതയുള്ള മേഖലയിലാണെന്ന് റിപ്പോർട്ടുകളുണ്ടോ ; ഇത് സംബന്ധിച്ച എത്ര പഠന റിപ്പോർട്ടുകൾ നിലവിലുണ്ട് ; ഈ റിപ്പോർട്ടുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പഠന റിപ്പോർട്ടുകളിന്മേലുള്ള തമിഴിനാടിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വരുന്നത് സംബന്ധിച്ച് തമിഴ്നാട് ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

(എ) മൂന്ന് റിപ്പോർട്ടുകൾ നിലവിലുണ്ട്. ഈ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ബലപ്പെടുത്തൽ നടപടികൾക്കുശേഷം നിലവിലുള്ള ഡാം തികച്ചും പുതിയ ഡാം പോലെ ബലമുള്ളതാണെന്നും മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയേണ്ട ആവശ്യമില്ലെന്നുമാണ് മന്ത്രി മുഖ്യമന്ത്രിതല ചർച്ചകളിൽ തമിഴ്നാട് അഭിപ്രായപ്പെട്ടത്.

തുറമുഖ സമുദ്രയാന വ്യവസായ സംഗമം

17(*167) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സംസ്ഥാന സർക്കാരിന് പുറമേ ഏതൊക്കെ ഏജൻസികളുടെ സഹകരണമാണ് പ്രതീക്ഷിക്കുന്നത് ;

(സി) സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കാനായി തുറമുഖ സമുദ്രയാന വ്യവസായ സംഗമം നടത്തുന്നതിനായി എന്തൊക്കെ നടപടികളാണ് വിഭാവന ചെയ്തിട്ടുള്ളത് ?

† അനുബന്ധം - I

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) : സർ,

(എ) സംസ്ഥാനത്ത് തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായുള്ള കരട് ബില്ല് 2009 വർഷം തന്നെ തുറമുഖ വകുപ്പ് തയ്യാറാക്കുകയും ആയത് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചശേഷം 2010-ൽ മന്ത്രിസഭയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളാ മാരിടൈം ബോർഡ് ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്, തുറമുഖ വകുപ്പ് എന്നിവ സംയോജിപ്പിച്ചാണ് കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. അതോടൊപ്പം കേന്ദ്ര മാരിടൈം ഏജൻസികളായ കോസ്റ്റ് ഗാർഡ്, നേവി, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നീ സ്ഥാപനങ്ങളുടെ സഹകരണം ആദ്യ ഘട്ടത്തിൽ പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റ്, മാരിടൈം ബിസിനസ്സ് കോൺക്ലേവ് എന്നിവ 2010 നവംബറിൽ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള വിവിധ തുറമുഖങ്ങളുടെ വികസനത്തിന് വേണ്ടി പ്രത്യേകം ശിൽപശാലകൾ നടത്തുവാനും പരിപാടിയുണ്ട്.

പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ

18(*168) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വിഷയത്തിൽ ഏറ്റവും അവസാനം തമിഴ്നാടുമായി നടത്തിയ ചർച്ച എന്നായിരുന്നു ;

(സി) ചീഫ് സെക്രട്ടറി തലത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന യോഗം മാറ്റിവയ്ക്കാൻ കാരണം എന്താണ് ; മന്ത്രിതലത്തിൽ ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) കരാർ പുനരവലോകനം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ഉഭയകക്ഷി ചർച്ച അനന്തമായി നീളുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly